**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1616** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങൾക്ക് വിപണിയിൽ ന്യായവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് വിപണിയിൽ ന്യായവില കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | നാളികേരത്തിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടതിനാൽ പച്ചനാളികേരത്തിന്റെ സംഭരണം കിലോഗ്രാമിന് 32 രൂപ നിരക്കിൽ കേരഫെഡ് മുഖേന ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉല്പന്നങ്ങൾ സംഭരിച്ച് സംസ്കരിച്ച് അവയെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റാൻ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ച ഘട്ടങ്ങളിലും സഹായിക്കുമാറ് പുതുതായി കേരളത്തിൽ 50 കർഷക ഉത്പാദക സംഘടനകളെ സ്ഥാപിക്കുന്നതിനും, നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുന്നതിനും, എസ്.എഫ്.എ.സി. മുഖേന ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>കൂടാതെ KIIFB യുടെ സഹായത്തോടെ കോഴിക്കോട് ജില്ലയിൽ വേങ്ങേരി മൊത്തവ്യാപാര വിപണിയിലും കൂത്താളി കൃഷി ഫാമിലും 2 അഗ്രോപാർക്കുകൾ ആരംഭിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടു നടപ്പിലാക്കുന്ന പദ്ധതിയാണ് സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യ വർധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി. ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (എസ്.എഫ്.എ.സി) മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി പ്രകാരം കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. പദ്ധതി പ്രകാരം മൂന്ന് സ്ലാബുകളിലായി സൂക്ഷ്മ തലം, ചെറുകിട, ഇടത്തരം |

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾക്ക് എം.എസ്.എം.ഇ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് മൂലധന നിക്ഷേപത്തിന് അനുസൃതമായി സബ്സിഡി അനുവദിക്കുന്നു.<br><br>2022-23 സാമ്പത്തിക വർഷത്തിൽ എസ്.എഫ്.എ.സിയ്ക്ക് 400 ലക്ഷം രൂപയും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് 200 ലക്ഷം രൂപയും, സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, എഫ്.പി.ഓകൾ എന്നിവയ്ക്ക് 140 ലക്ഷം രൂപയും, കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾ, കാർഷിക കർമ്മ സേന, അഗ്രോ സർവീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്ക് 140 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ